**പതിനാലാം കേരള നിയമസഭ**
**5-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4195** **17.05.2017-ൽ മറുപടിയ്ക്ക്**

# പ്ലാസ്റ്റിക് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ : | | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 10.06.2016-ൽ ഹൈക്കോടതിയും തുടർന്ന് 23.06.2016-ൽ ഡി.ജി.പി.യും പുറപ്പെടുവിച്ച ഉത്തരവുകളിൽ പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് കത്തിക്കുന്നത് കുറ്റകരമാണെന്നും അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വ്യക്തമാക്കിയിരിക്കെ ബസ് സ്റ്റാന്റിലും പാതയോരങ്ങളിലും ഗ്രാമപ്രദേശങ്ങളിലാകെയുള്ള പൊതു സ്ഥലങ്ങളിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ചെറുകിട ഹോട്ടലുകളിലും തട്ടുകടകളിലുമൊക്കെ ചൂടുള്ള ഭക്ഷണ സാധനങ്ങൾ പ്ലാസ്റ്റിക് പേപ്പറിൽ കഴിക്കുവാൻ നൽകുന്നതും പൊതിഞ്ഞു നൽകുന്നതും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന വിദഗ്ധപഠനങ്ങൾ ലഭ്യമായിട്ടും ഇപ്പോഴും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മേൽ സൂചിപ്പിച്ച കാര്യങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പ്ലാസ്റ്റിക് കത്തിക്കുന്നതു മൂലമുള്ള ദോഷഫലങ്ങളെക്കുറിച്ച് ടെലിവിഷൻ, റേഡിയോ, സാമൂഹ്യമാധ്യമങ്ങൾ |

എന്നിവയിലൂടെയും ഇതര മാധ്യമങ്ങളിലൂടെയും പൊതുജനങ്ങൾക്ക് ശക്തമായ ബോധവത്കരണ പരിപാടികൾ ശുചിത്വമിഷൻ നടത്തിവരുന്നു. കൂടാതെ പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് പ്രകൃതിസൗഹൃദ ബദൽ ഉത്പന്നങ്ങളുടെ ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്താകമാനം സ്വീകരിച്ചുവരുന്നു. പൊതു സ്ഥലങ്ങളിൽ പ്ലാസ്റ്റിക്കോ റബ്ബറോ കത്തിക്കുന്നത് തടയുന്നതിനും ഇത്തരത്തിലുള്ള സംഭവങ്ങളിൽ മേൽ നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. 50 മൈക്രോണോ അതിൽ കുറഞ്ഞതോ ആയ പ്ലാസ്റ്റിക് കവറുകൾ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ കടത്തുന്നത് തടയുന്നതിന് എല്ലാ പോലീസ് ഓഫീസുകളിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ